# മഹാമാരി പെയ്തിറങ്ങിയ നാളുകൾ

## ആമുഖം

എറണാകുളം ജില്ലയിലെ ഇടപ്പിള്ളി ബ്ലോക്കിലെ മുളവുകാട് സി.ഡി.എസ് കേരളേശ്വരം എന്ന പ്രകൃതി രമണീയമായ കരയിലാണ് സ്ഥിതി ചെയ്യുന്നത്. 16 സി.ഡി.എസ്. മെമ്പർമാരും ചെയര്പേഴ്സണും അക്കൗണ്ടന്റും ചേർന്ന് വളരെ സ്ത്യുത്യർഹമായ സേവനമാണ് നാളിതുവരെ കാഴ്ചവച്ചിട്ടുള്ളത്. ജില്ലാമിഷന്റെ ഓരോ പ്രവർത്തനങ്ങളും കാര്യഗൗരവത്തോടെ താഴെക്കിടയിൽ എത്തിക്കുന്നു.16 വാർഡുകളിലായി 250 അയൽക്കൂട്ടങ്ങളാണ് മുളവുകാടിനു സ്വന്തമായിട്ടുള്ളത്. കൂടാതെ 17 ബാലസഭകളും 35 വയോജന അയൽക്കൂട്ടങ്ങളും ഈ സി.ഡി.എസ് ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

## കോവിഡ് കാല പ്രവർത്തനങ്ങൾ

### 1.കമ്മ്യൂണിറ്റി കിച്ചൻ

എല്ലാ സി.ഡി.എസ് ഉം ചെയ്തതുപോലെ മുളവുകാട് സി. ഡി. എസ്സും കമ്മ്യൂണിറ്റി കിച്ചനിലൂടെ സൗജന്യ ഭക്ഷണം നൽകി മാതൃകയായി. ഈ സേവനം 30 ദിവസത്തോളം നീണ്ടു നിന്നു. ഉച്ചയ്ക്കും രാത്രിയുമായി ഏകദേശം 500 പൊതിച്ചോറുകളാണ് ദിവസവും നൽകിയത്. പല വ്യക്തികളും പഞ്ചായത്ത് അധികൃതരും ചേർന്ന് കമ്മ്യൂണിറ്റി കിച്ചൻ വലിയ വിജയമാക്കി.



2.<u>ഭക്ഷണക്കിറ്റ് വിതരണം</u>

എല്ലാ വാർഡുകളിലും വരുമാനം നിലച്ചുപോയ കുടുംബങ്ങൾക്ക് പച്ചക്കറി കിറ്റുകളും, പലവ്യഞ്ജന കിറ്റുകളും വിതരണം ചെയ്തു. ഇതിൽ എല്ലാ സി.ഡി.എസ്, എ.ഡി എസ്. മെമ്പർമാരും സഹകരിച്ചു.





3.<u>ശുചീകരണ പ്രവർത്തനങ്ങൾ</u>

എല്ലാ വാർഡുകളിലെയും എ. ഡി. എസ്, സി.ഡി.എസ്. ഭാരവാഹികൾ ചേർന്ന് ശുചീകരണം നടത്തി. ഇതിൽ കുടുംബശ്രീ അംഗങ്ങളും സഹകരിച്ചു.

4.<u>മാസ്ക് വിതരണം</u>

സിഡിഎസ് മെംമ്പർമാർ 250 മാസ്ക്കുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു





5.ആശ്രയ സ്പെഷ്യൽ കിറ്റ്

കുടുമശ്രീയും, പഞ്ചായത്തും ഒത്തു ചേർന്ന് ആശ്രയ അംഗങ്ങളുടെ കുടുംബങ്ങൾക്ക് സ്പെഷ്യൽ കിറ്റ് വിതരണം ചെയ്തു.

6.ആയുർവേദ കിറ്റ്

ഓരോ വാർഡുകളിലും മെമ്പർമാർ കുടുംശ്രീയുമായി ചേർന്ന് ആയുർവ്വേദ മരുന്നുകളടങ്ങിയ കിറ്റുകൾ നൽകി.

പൊതു പ്രവർത്തനങ്ങൾ

പഞ്ചായത്തുമായി ചേർന്ന് പല സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ അതിഥി തൊഴിലകൾക്കു ഭക്ഷണം നൽകി. കൂടാതെ പല വാർഡുകളും ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ കോവിഡ് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കുടുംബശ്രീ ഭാരവാഹികൾ സംരംഭകരുടെ നേതൃത്വത്തിൽ സാനിറ്റൈസറും സോപ്പും എല്ലാം വിതരണം ചെയ്തു.







മുളവുകാട് ഗ്രാമപഞ്ചായത്ത്
കോവിഡ് - 19 (കൊറോണ വൈറസ്) ജാഗ്രത
കൺട്രോൾ റൂം
0484 2368802
ദിശ
1056, 0471 2552056


VALUE REFILL
Dettol
HANDWASH

## <u>ഉപസംഹാരം</u>

ഇതൊരു പ്രതിസന്ധി കാലഘട്ടമാണ്. എത്രോയോ പ്രതിസന്ധികൾ നാം ഈ കുടുംബശ്രീ കൂട്ടായ്മയിലൂടെ തരണം ചെയ്തു. ഏതൊരു ദുരവസ്ഥയിലും ഒത്തൊരുമിച്ചു നിന്നാൽ നമുക്ക് അതിനെ തരണം ചെയ്യാൻ സാധിക്കും. നാം എന്തിനാണ് ഭയപ്പെടുന്നത്, കൈത്താങ്ങായി കുടുംബശ്രീ ഉള്ളപ്പോൾ...

തീയ്യതി : 23-05-2020.

ബ്ലോക്ക് : ഇടപ്പിള്ളി.

ഷൈനി കെ. പി.
എം. ഐ. എസ്. ബി. സി.
ഇടപ്പിള്ളി ബ്ലോക്ക്.
മൊബൈൽ നമ്പർ :9496350078
ഷീജ അർജ്ജുനൻ
സി. ഡി. എസ്. ചെയർപേഴ്സൺ
മുളവുകാട് സി. ഡി. എസ്.
മൊബൈൽ നമ്പർ :6238 127682




ശുഭം